# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 789 — 12.06.2013-ൽ മറുപടിയ്ക്ക്

## ഭൂഗർഭ ജലചൂഷണം തടയാൻ നിയമനടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ഡി. സതീശൻ<br>ശ്രീ. എം.പി. വിൻസെന്റ്<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ.വി.റ്റി. ബൽറാം | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പു മന്ത്രി) |
| എ) ഭൂഗർഭ ജല ചൂഷണം തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ;<br><br>ബി) ഇതിനായി നിയമ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;<br><br>സി) ഭൂഗർഭ ജലചൂഷണം തടയാൻ എന്തെല്ലാം വ്യവസ്ഥകളാണ് നിയമത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | എ) ബി) & സി) കേരള സംസ്ഥാനത്ത് ഭൂജലം സംരക്ഷിക്കുന്നതിനും അതിന്റെ ചൂഷണം, ഉപയോഗം എന്നിവ ക്രമീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്ന കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) 19 ാം ആക്റ്റ് 2002-ൽ കേരളത്തിൽ നിലവിൽ വന്നിട്ടുണ്ട്. ആക്റ്റിന്റെ ഫലപ്രദമായ നടത്തിപ്പിനായി ഭൂജല അതോറിറ്റി രൂപീകരിക്കുകയും അതോറിറ്റിയുടെ ശുപാർശയിന്മേൽ ഏതെങ്കിലും പ്രദേശത്തെ ഭൂജലത്തിന്റെ ചൂഷണമോ ഉപയോഗമോ ക്രമീകരിക്കേണ്ടത്,പൊതു താൽപ്പര്യാർത്ഥം ആവശ്യമാണെന്ന് ബോദ്ധ്യമാകുന്ന പക്ഷം ഗസറ്റ് വിജ്ഞാപനം വഴി പ്രസ്തുത പ്രദേശത്തെ വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശമായി പ്രഖ്യാപിക്കുകയും ടി പ്രദേശത്ത് കർശനമായ നിബന്ധനകളോടെ പെർമിറ്റോട് കൂടി മാത്രം ഭൂജല ഉപഭോഗം അനുവദിക്കുകയും ചെയ്യുന്നു. പൊതു കുടിവെള്ള സ്രോതസ്സുകളുടെ |

സംരക്ഷണം, ഭൂജല ഉപഭോക്താവിന്റെ രജിസ്ട്രേഷൻ, ഭൂജല സ്രോതസ്സുകളെ മലിനപ്പെടുത്തുന്നത് തടയുക തുടങ്ങിയവ ഈ ആക്റ്റിന്റെ പരിധിയിൽപ്പെടുന്നു.

| | |
|---|---|
| ഡി) നിയമ നിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | ഡി) ഭൂജല(നിയന്ത്രണവും ക്രമീകരണവും)19 ാം ആക്റ്റ് കേരളത്തിൽ 2002 ൽ തന്നെ നിലവിൽ വന്നിട്ടുണ്ട്. ആവശ്യമായ ഭേദഗതികൾ സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ